

# Chicago Knanaya Catholic Parish Bulletin


Sacred Heart Knanaya Catholic Church, 611 Maple St., Maywood, IL 60153
St. Mary's Knanaya Catholic Church, 7800 W. Lyons St., Morton Grove, IL 60053
July 31, 2011, Volume 6, Issue 45
All issues of our bulletin are available at www.knanayaregion.us/chicago/bulletin.htm


**FEAST CELEBRATION OF SR. ST. ALPHONSA**

On Sunday, July 31st at 10:00 A.M. at our both churches.

## വിശുദ്ധ അൽഫോൽസാമ്മയുടെ

നമ്മുടെ ഇടവകകളിലെ തിരുന്നാൾ ജൂലൈ 31 ഞായറാഴ്ച രാവിലെ 10:00ന്.

പ്രസുദേന്തിമാർ: സേക്രഡ് ഹാർട്ട്: സണ്ണി & റോസമ്മ ആക്കാത്തറ

സെന്റ് മേരീസ്: ജോൺ & മേരിക്കുട്ടി ഇലയ്ക്കാട്ട്

# നമ്മുടെ സെന്റ് മേരീസ് പള്ളിയിലെ പ്രധാന തിരുന്നാൾ



ആഗസ്റ്റ് 5, 6, 7 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ

ആഗസ്റ്റ് 5, വെള്ളി വൈകുന്നേരം 6:30 മുതൽ

പതാക ഉയർത്തൽ, തിരുസ്വരൂപം വെഞ്ചരിക്കൽ, ലദീഞ്ഞ്, പാട്ടുകുർബാന, പ്രസംഗം:

**ബിഷപ്പ് മാർ ജേക്കബ് അങ്ങാടിയാത്ത്**

ഷിക്കാഗോ സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് ക്നാനായ കാത്തലിക് ഇടവകകളുടെ

വിവിധ മിനിസ്ട്രികൾ അവതരിപ്പിക്കുന്ന **കലാസന്ധ്യ**

ആഗസ്റ്റ് 6, ശനി വൈകുന്നേരം 5:30 മുതൽ

ലദീഞ്ഞ്, പാട്ടുകുർബ്ബാന, പ്രസംഗം, പ്രസുദേന്തി വാഴ്ച, നൊവേന, കപ്ലോൻ വാഴ്ച.

ഫാ. ഏബ്രഹാം മുത്തോലത്ത് & ഫാ. സജി പിണർകയിൽ

ഷിക്കാഗോ സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് ക്നാനായ കാത്തലിക് ഇടവകകളുടെ

കൂടാരയോഗങ്ങൾ അവതരിപ്പിക്കുന്ന **കലാസന്ധ്യ**

ആഗസ്റ്റ് 7, ഞായർ രാവിലെ 10:00 മുതൽ

ലദീഞ്ഞ് , തിരുന്നാൾ കുർബ്ബാന, പ്രസംഗം,

**റവ. ഫാ. ആന്റണി തുണ്ടത്തിൽ (വികാരി ജനറാൾ)**

**ആഘോഷമായ തിരുന്നാൾ പ്രദക്ഷിണം,** വാദ്യ മേളങ്ങൾ, അടിമ സമർപ്പണം, ലേലം.

## THE FIRST MAIN FEAST OF OUR ST. MARY'S CHURCH IN MORTON GROVE

August 5th Friday at 6:30 P.M.

Flag Hoisting, Blessing of the statue, Ladinge, Holy Mass, Homily
by His Excellency Bishop Mar Jacob Angadiath
Entertainments by All Ministries of Sacred Heart and St. Mary's Parishes.

August 6th Saturday at 5:30 P.M.

Traditional liturgy by Fr. Abraham Mutholath and Fr. Saji Pinarkayil
Entertainments by Koodara Yogams of Sacred Heart and St. Mary's Churches.

August 7th Sunday at 10:00 A.M.

Holy Mass and Homily by Rev. Fr. Anthony Thundathil, Vicar General
Colorful Procession around the church.

***SPONSORS OF THE FEAST***

| | | |
|---|---|---|
| **Stephen Kizhakkekuttu** | **Thampy Viruthikulangara** | **Joshua Pattapathiyil** |
| **Sabu Tharathattel** | **Thomas Appozhiparambil** | **Kujumon Kulangara** |
| **Binu Kaithakkathottiyil** | **Biju Thuruthiyil** | **Jojo Analil** |
| **Roy Nedumchira** | **Sunny Idiyalil** | **Mathew Manappallil** |

## STAFF

Pastor / vicar: Fr. Abraham Mutholathu Jacob
5212W. Agatite Ave., Chicago, IL 60630.
(773) 412-6254 (cell) mutholath2000@yahoo.com
Associate Pastor: Fr. Saji Pinarkayil: 224-659-6586
sajipinarkayil@gmail.com
*www.knanayaregion.us/chicago*

**FOR HALL BOOKINGS**
Sacred Heart: Joy Vachachira 630-416-7248
St. Mary's: Polson Kulangara 847-207-1274

**FOR SACRISTIANS**
Sacred Heart: Binoy Kizhakkanadyil312-513-2361
St. Mary's: Sr. Xavier S.V.M. 847-603-8881 (Convent)
For list of other volunteers / upcoming events, visit:
*www.knanayaregion.us/chicago/staff.htm*
*www.knanayaregion.us/chicago/calendar.htm*

## HOLY MASS

SUNDAY 10:00 A.M. at Sacred Heart and St. Mary's.
5:30 P.M. at St. Mary's.
MONDAY - THURSDAY 7:00 P.M. St. Mary's.
FRIDAY 6:00 P.M. at St. Mary's & 7:00 P.M. at Sacred Heart.
SATURDAY 10:00 A.M. at both churches.

## RELIGIOUS EDUCATION

From second Sunday of September
ON SUNDAYS 10:00 A.M. to 11:15 A.M. at both churches.

## ADORATION

First Fridays after Mass at both churches.
Every Saturday from 11:00 A.M. to 5:00 P.M. at St. Mary's.

## NOVENAS

B.V. Mary after Saturday 10:00 A.M. Mass at both churches.
St. Jude on Thursdays at 7:00 P.M. at St. Mary's.
St. Michael 3rd Friday of the month after 7:00 P.M. Mass at Sacred Heart.

## PRAYER GROUP

Sundays after 10:00 A.M. Mass at both churches.

## ROSARY

Mon. - Thurs. 6:30 P.M. & Friday at 5:30 P.M. at St. Mary's.

## ST. VINCENT DE PAUL SOCIETY

Sundays after 10:00 A.M. Mass at Sacred Heart.

## LEGION OF MARY

Every Saturdays after Mass at Sacred Heart.
Every Thursday after 7:00 P.M. Mass at St. Mary's.




August 2011

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | 6 |
| 7 | 8 | 9 | 10 | 11 | 12 | 13 |
| 14 | 15 | 16 | 17 | 18 | 19 | 20 |
| 21 | 22 | 23 | 24 | 25 | 26 | 27 |
| 28 | 29 | 30 | 31 | | | |

**FRIDAY, JULY 29, 2011**
Holy Mass at St. Mary's at 6:00 P.M. and Sacred Heat at 7:00 P.M.

**SATURDAY, JULY 30, 2011**
Feast day of St. Ignatius of Loyola
Holy Mass and Novena at both churches at 10:00 A.M.

**SUNDAY, JULY 31, 2011 First Sunday of Kaitha**
Feast Celebration of St. Alphonsa at Sacred Heart and St. Mary's churches at 10:00 A.M.
Holy Mass at St. Mary's at 5:30 P.M.

**MONDAY, AUGUST 1, 2011**
Holy Mass at St. Mary's at 7:00 P.M.

**TUESDAY, AUGUST 2, 2011**
Holy Mass at St. Mary's at 7:00 P.M.

**WEDNESDAY, AUGUST 3, 2011**
Holy Mass at St. Mary's at 7:00 P.M.

**THURSDAY, AUGUST 4, 2011**
Confession, Holy Mass, and novena at St. Mary's at 7:00 P.M.

**FRIDAY, AUGUST 5, 2011**
First Day of the Main Feast of St. Mary's Church at 6:30 P.M. Main Celebrant: Bishop Mar Jacob Angadiath.
Flag Hoisting, Ladinge, Holy Mass and Entertainments by Ministries of Sacred Heart and St. Mary's Parishes.
Holy Mass at Sacred Heart at 7:00 P.M.

First Friday: (Adoration postponed to next Friday).

**SATURDAY, AUGUST 6, 2011**
**Transfiguration of Our Lord**
Holy Mass and Novena at both churches at 10:00 A.M.
Second Day of the Main Feast of St. Mary's Church at 5:30 P.M. Holy Mass, Prasudenti Vazcha, Kaplon Vazcha and Entertainments by Koodara Yogams of Sacred Heart and St. Mary's Parishes.

**SUNDAY, AUGUST 7, 2011**
Third day of the Main Feast of St. Mary's Church at 10:00 A.M. Procession after the Holy Mass.
Main Celebrant: Very Rev. Fr. Anthony Thundathil, Vicar General.
Holy Mass at Sacred Heart church at 10:00 A.M.
Holy Mass at St. Mary's at 5:30 P.M.

**MONDAY, AUGUST 8, 2011**
Holy Mass at St. Mary's at 7:00 P.M.

**TUESDAY, AUGUST 9, 2011**
Holy Mass at St. Mary's at 7:00 P.M.

**WEDNESDAY, AUGUST 10, 2011**
Holy Mass at St. Mary's at 7:00 P.M.

**THURSDAY, AUGUST 11, 2011**
Summer Camp begins for junior alter servers and Choir members at St. Mary's from 10:00 A.M. - 4:00 P.M.
Holy Mass, & novena at St. Mary's at 7:00 P.M.

**FRIDAY, AUGUST 12, 2011**
Mar Addai and Mari
2nd Day of Summer Camp from 10:00 A.M. to 4:00 P.M.
Holy Mass at Sacred Heat at 7:00 P.M.
Adoration at Sacred Heart by St. Augustine Koodara yogam and at St. Mary's by St. James Koodara Yogam.

# വികാരിയുടെ സന്ദേശം



## വളർച്ചയിൽ ബഹുദൂരം കുതിക്കുന്ന നമ്മുടെ ഇടവകകൾ

എന്റെ പ്രിയ സഹോദരങ്ങളേ,

ആമപോലെ ഇഴഞ്ഞു നീങ്ങിയിരുന്ന നമ്മുടെ ക്നാനായ മിഷനുകൾ സ്വന്തം പള്ളികൾ വാങ്ങിക്കഴിഞ്ഞപ്പോൾ മുയലുപോലെ കുതിച്ചു പായുകയാണ്. ഈ മുന്നേറ്റം എണ്ണത്തിലും ഗുണത്തിലും നാം നമ്മുടെ സേക്രഡ് ഹാർട്ട്, സെന്റ് മേരീസ് ഇടവകയിൽ ദർശിക്കുന്നുണ്ട്.

സേക്രഡ് ഹാർട്ട് പള്ളി അഞ്ചു വർഷം പൂർത്തിയാക്കുന്നത് ഈ ആഗസ്റ്റ് അവസാനത്തിലാണ്. 2006 സെപ്തംബർ ഒന്നിനു പള്ളി വാങ്ങിയ നാൾ മുതൽ ഈ ദൈവാലയത്തിന്റെ അത്ഭുതാവഹമായ വളർച്ച കണ്ടവരാണ് നാമെല്ലാം. ഇടവകയിലെ ജനപങ്കാളിത്തവും വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങളും പുതിയ തലമുറയുടെ സജീവ സഹകരണവും നമ്മെ ആവേശഭരിതരാക്കി.

കഴിഞ്ഞ വർഷം സെന്റ് മേരീസ് ഇടവക സ്ഥാപിച്ചപ്പോൾ, സ്വാഭാവികമായും സേക്രഡ് ഹാർട്ട് ഇടവകയിലെ ജനപങ്കാളിത്തം അല്പം കുറഞ്ഞെങ്കിൽ, അതിനു പകരം സേവന മേന്മ വർദ്ധിപ്പിക്കുവാൻ നമുക്കു കഴിഞ്ഞു. കൂടാതെ ഈ അഞ്ചാം വർഷത്തിന്റെ അന്ത്യത്തിൽ നാം മറ്റൊരു കാൽവെയ്പുകൂടി നടത്തുകയാണ്. എൽമെസ്റ്റിൽ മൂന്നു ബഡ്റൂമുള്ള ഒരു വീടു വാടകയ്ക്കെടുത്ത് അവിടെ സേക്രഡ് ഹാർട്ട് ഇടവകയുടെ വൈദിക വസതിയും പാരീഷ് ഓഫീസും ആഗസ്റ്റ് ആദ്യവാരം മുതൽ ആരംഭിക്കുകയാണ്. നമ്മുടെ അസിസ്റ്റന്റ് വികാരി ബഹു. സജി പിണർകയിൽ അച്ചൻ അവിടെ താമസം ആരംഭിക്കും. സേക്രഡ് ഹാർട്ട് ഇടവകയുടെ അജപാലന വളർച്ചയിൽ കൂടുതൽ ശ്രദ്ധിക്കുവാൻ അച്ചന് അതുവഴി സാധിക്കും. അതോടൊപ്പം സെന്റ് മേരീസ് പള്ളിയിൽ അദ്ദേഹത്തിന്റെ സേവനം തുടരുകയും ചെയ്യും.

നമ്മുടെ സെന്റ് മേരീസ് ഇടവക കഴിഞ്ഞ വർഷംതന്നെ ബഹുദൂരം പുരോഗമിക്കുകയുണ്ടായി. നമ്മുടെ പ്രതീക്ഷകൾക്ക് അപ്പുറമായി ഇവിടുത്തെ ജനപങ്കാളിത്തം. എല്ലാവരുടെയും സഹകരണ ഫലമായി പള്ളിയുടെ മനോഹാരിതയും സൗകര്യവും വർദ്ധിപ്പിക്കുവാനും, മനോഹരമായ ആരാധനാ ചാപ്പൽ, മാതാവിന്റെ ഗ്രോട്ടോ എന്നിവ പണികഴിപ്പിക്കുവാനും നമുക്കു കഴിഞ്ഞു.

സെന്റ് മേരീസ് ഇടവകയിൽ രണ്ടു പുതിയ പദ്ധതികൾക്കുകൂടി നാം തുടക്കം കുറിച്ചിരിക്കുന്നു. പ്രവാസി ക്നാനായക്കാരുടെ രണ്ടാമത്തെ സെമിത്തേരി പള്ളിയുടെ ഒരു മൈൽ ചുറ്റളവിൽ ആരംഭിക്കാൻ കഴിയുന്നത് വലിയ നേട്ടമാണ്. തലമുറകളോളം ക്നാനായക്കാർക്ക് ഒരുമിച്ചു അന്ത്യവിശ്രമം കൊള്ളുന്നതിനുള്ള സൗകര്യമാണ് നാം ഇവിടെ ചെയ്യുന്നത്. കൂടാതെ സെന്റ് മേരീസ് പള്ളിയുടെ മനോഹാരിത വർദ്ധിപ്പിക്കുന്നതിന് മുഖവാരത്തിന്റെ പണിയ്ക്കു നാം തുടക്കം കുറിച്ചിരിക്കുന്നു. 80,000 ഡോളർ ചെലവു പ്രതീക്ഷിക്കുന്ന ഈ പുതിയ പദ്ധതിയ്ക്കു $1,000 ഡോളർ വീതം സംഭാവന ചെയ്യുവാൻ സന്നദ്ധരായി ഒരു ദിവസംതന്നെ 52 പേർ മുൻപോട്ടുവന്നത് ഏവരെയും അത്ഭുതപ്പെടുത്തി. സ്വന്തം പള്ളിയോടുള്ള നമ്മുടെ ഇടവകക്കാരുടെ സ്നേഹവും അതു മനോഹരമാക്കണമെന്ന ആഗ്രഹവുമാണല്ലോ അതു വ്യക്തമാക്കുന്നത്.

പള്ളികൾ സ്ഥാപിക്കുന്നതിനു താല്പര്യമെടുക്കാത്തവരും അതിനു സംഭാവന നല്കാത്തവരും പള്ളിപണിക്ക് ഉത്സാഹിക്കുന്നവർക്കും അതിനു നേതൃത്വം നല്കുന്നവർക്കുമെതിരെ പണം മുടക്കില്ലാത്ത ഈ-മെയിൽ വഴി കള്ളപ്രചരണങ്ങളും സ്വഭാവഹത്യയും നടത്തുമ്പോഴും ആവക ദുഷ്പ്രചരണങ്ങൾക്ക് അർഹിക്കുന്ന അവഗണന കൊടുത്ത് സ്വന്തം കുടുംബത്തിന്റെ ആത്മീയ ഭാവിയെകരുതി ഇല്ലായ്മയിൽനിന്നു പോലും പങ്കുവെച്ച് പള്ളിയെ പുരോഗതിയിലേയ്ക്കു നയിക്കുവാൻ സഹായിക്കുന്ന നമ്മുടെ ഇടവകകളിലെ വിശ്വാസ സമൂഹത്തെ എത്ര പ്രശംസിച്ചാലും മതിയാവില്ല! പ്രാദേശിക തലത്തിൽമാത്രമല്ല, ദേശീയ തലത്തിലും ക്നാനായ പള്ളികൾക്കു നിങ്ങൾ നല്കുന്ന പ്രോത്സാഹനമാണ് വ്യാജപ്രവാചകർക്കുള്ള ചുട്ടമറുപടി.

നല്ല വൃക്ഷം നല്ലഫലവും ചീത്ത വൃക്ഷം ചീത്ത ഫലവും നല്കുന്നു. വൃക്ഷത്തെ ഫലത്തിൽനിന്നാണു തിരിച്ചറിയുന്നത്. ക്നാനായ ഇടവകകളാകുന്ന നല്ല വൃക്ഷങ്ങളെ പരിപോഷിപ്പിക്കുന്നതിൽ നമുക്കു തുടർന്നും ഉത്സുകരാകാം.

ഒത്തിരി സ്നേഹത്തോടെ,
ഫാ. എബ്രഹാം മുത്തോലത്ത്



The proposed rectory and parish office for Sacred Heart Parish at 589 N. Willow Road., Elmhurst.

### നുറുങ്ങുവെട്ടം

തിന്മയുടെ വിളയാട്ടം
നന്മയുടെ കുതിച്ചുകയറ്റത്തിന്
ആവേശം പകരും.




**Wedding Banns**

Justin son of Mohan Makil and Gracy from Makil family belonging to Knanaya Catholic Mission, New York with Smitha d/o Thomas Kurian and Santy from Pulimoottil family belonging to Knanaya Catholic Parish, Chicago on August 6, 2011. (3/3).

# പള്ളിയേയും സംഘടനയേയും തമ്മിൽ തല്ലിച്ച് ചോരികുടിക്കുന്നതാര്?



*ബിജോ കാരക്കാട്ട്, സാൻ അന്റോണിയോ*

**കഥ ഇതുവരെ:** കൊഴുത്ത് ആഢ്യത്തോടെ നില്ക്കുന്ന, നല്ല ഉശിരുള്ള മുട്ടനാടുകളെ കണ്ടപ്പോൾ കൗശലക്കാരനായ ചെന്നായ്ക്ക് വായിൽ വെള്ളമൂറി: എങ്ങനെയെങ്കിലും ഇവന്മാരുടെ ചോര കുടിക്കണം. നേരെ ചെന്നാൽ ആടിന്റെ രക്തത്തിനു പകരം ഒന്നാന്തരം തൊഴി കിട്ടും! ചെന്നായ് തന്ത്രങ്ങൾ നെയ്തു. പെടാപ്പാടുപെട്ട്, ആടുകളെ തെറ്റിദ്ധരിപ്പിച്ച് അങ്കം കുറിപ്പിച്ചു. ആടുകൾ വീറും വാശിയുംകേറി തലകൂട്ടിയിടിച്ച് യുദ്ധംചെയ്ത് ചത്തുവീണു. ചെന്നായ് സൂത്രത്തിൽ ചോരയും കുടിച്ച്, ഇറച്ചിയും തിന്ന്, കാര്യംകണ്ടു.

**കഥ തുടരുന്നു:** വയറു നിറഞ്ഞ് ആനന്ദനൃത്തമാടിനിന്ന ചെന്നായ്, സന്തോഷംകൊണ്ട് ഇരിക്കവയ്യാതായപ്പോൾ തനി സ്വഭാവംകാട്ടി. അഹന്തയോടെ, അത്യുച്ചത്തിൽ, മതിമറന്ന് ഓരിയിട്ടു. ചെന്നായ് ഓരിയിടുന്നതുകേട്ട് നാട്ടുകാരിളകി. കമ്പിയും കല്ലും കമ്പുകളുംകൊണ്ട് കൗശലക്കാരൻ ചെന്നായെ തല്ലിക്കൊന്നു.

**കഥ കഴിഞ്ഞു; ഇനി കാര്യവിചാരം:** ക്നാനായ പള്ളിയും ക്നാനായ അസ്സോസിയേഷനുമാണ് കൊഴുത്തു മെതിച്ച രണ്ടു മുട്ടനാടുകൾ. സ്വരുമയോടെ ജീവിച്ച്, ഒന്ന് മറ്റതിന് തണലാകേണ്ട ഈ മുട്ടനാടുകളെ പരസ്പരം അങ്കംവെട്ടിക്കാൻ ചെന്നായ്ക്കൾ തന്ത്രങ്ങൾ മെനയുന്നു. ആരാണ് ചെന്നായ്ക്കൾ? അവരെ തിരിച്ചറിയും മുമ്പേ പരസ്പരമുള്ള യുദ്ധത്തിന്റെ കാരണവും അതിന്റെ ഗുണദോഷങ്ങളും വിചര ണയ്ക്കെടുക്കാം.

ഇക്കാര്യം നന്നായി വിലയിരുത്തണമെങ്കിൽ സമുദായവും സഭയും തമ്മിലുള്ള വ്യത്യാസവും ബന്ധവുമാണ് ആദ്യം ഉരുത്തിരിയേണ്ടത്. ക്നാനായക്കാർക്ക് സ്വന്തമായുള്ളത് സമുദായം മാത്രമാണ്, സഭയല്ല. അതായത്, വ്യത്യസ്ഥ ചരിത്ര പശ്ചാത്തലവും ആചാരങ്ങളുമുള്ള ക്രൈസ്തവ സമൂഹമാണ് നമ്മുടേത്. ഒന്നുകൂടി വിശദമാക്കിയാൽ ചില ആചാരങ്ങളും അനുഷ്ഠാനങ്ങളും തലമുറകളായി പാലിച്ചുവരുന്ന സീറോമലബാർ സഭയിലെ ഒരുവിഭാഗമാണു നമ്മൾ. കൂടിക്കുഴഞ്ഞുകിടക്കുന്ന മൂന്നു കാര്യങ്ങൾ ഇവിടെ വ്യക്തമാക്കേണ്ടതുണ്ട്.

1. **സമുദായം:** ചരിത്രപരമായ പൊതു പശ്ചാത്തലവും ചില പൊതു ആചാരങ്ങളുമാണ് ഇതിനടിസ്ഥാനം. വംശീയ വിവാഹവും അതോടനുബന്ധിച്ചുള്ള ചടങ്ങുകളുമാണ് പ്രധാനമായും ക്നാനായക്കാരെ മറ്റു സീറോമലബാർ ക്രൈസ്തവരിൽനിന്നു വ്യത്യസ്ഥമാക്കുന്നത്.

2. **സീറോമലബാർ സഭ:** കത്തോലിക്കാ സഭയിൽ റീത്തടിസ്ഥാനത്തിൽ സ്വയം ഭരണാവകാശത്തോടെ പ്രവർത്തിക്കുന്ന വിവിധ രൂപതകളുടെ കൂട്ടായ്മയാണിത്. സ്വന്തമായ ആരാധനാക്രമവും ആത്മീയതയും സഭാനിയമവുമാണ് വ്യക്തിഗത സഭകളെ തമ്മിൽ വ്യത്യസ്ഥമാക്കുന്ന മാനദണ്ഡങ്ങൾ. കോട്ടയം അതിരൂപത, സീറോമലബാർ ആരാധനാക്രമം പാലിക്കുന്ന രൂപതമാത്രമാണ്; സഭയല്ല. സഭയുടെ പൊതുനിയമം വിട്ട്, സ്വന്തം കാര്യം തീരുമാനിക്കുന്നതിനോ, മെത്രാനെ നിയമിക്കുന്നതിനോ നമ്മുടെ അതിരൂപതയ്ക്ക് അധികാരമില്ല.

3. **കത്തോലിക്കാ വിശ്വാസം:** വഴിയും സത്യവും ജീവനും ഞാനാകുന്നു എന്നു പഠിപ്പിച്ച ക്രിസ്തുവിൽ വിശ്വസിച്ചുകൊണ്ട് അദ്ദേഹം സ്ഥാപിച്ച സഭയോടു ചേർന്നുള്ള പ്രവർത്തനം.

സമുദായം എന്ന നിലയിൽ നമ്മുടെ വളർച്ചയ്ക്കും കെട്ടുറപ്പിനും കാരണം, ഈ സമുദായത്തെ സ്നേഹിച്ച മെത്രാന്മാരും വൈദികരും കന്യാസ്ത്രികളും നമ്മെ നയിച്ചതും അവർക്ക് അല്മായരുടെ നിർലോഭ പിന്തുണ ലഭിച്ചതുമാണ്. അതിനു നിമിത്തമായത് ഒന്നൊന്നായുള്ള ക്നാനായ പള്ളികളുടെ നിർമ്മാണവും അവയോടു ചേർന്ന് സ്കൂളും കോളേജും നിർമ്മിച്ച് വിദ്യാഭ്യാസത്തിനു വഴിതുറന്നതുമാണ്.

ക്നാനായക്കാർ കൊടുങ്ങല്ലൂരിലേക്ക് ക്നായിതൊമ്മന്റെ നേതൃത്വത്തിൽ കുടിയേറിയപ്പോൾ അവരോടൊപ്പം ഉറ്ഹാ മാർ യൗസേപ്പ് മെത്രാനും നാലു വൈദികരും ഡീക്കന്മാരും ഉണ്ടായിരുന്നെന്ന് ചരിത്രം സാക്ഷിക്കുന്നു. 72 കുടുംബങ്ങളിലായി 400ഓളം പേർക്ക് സ്വന്തം മെത്രാനും, നാലു പുരോഹിതരും, പിന്നെ ഡീക്കന്മാരും! അതായിരുന്നു നമ്മുടെ പാരമ്പര്യം.

ഒരു വിദേശ കുടിയേറ്റത്തിനു പോകുമ്പോൾ അത്യാവശ്യമില്ലാത്തതൊന്നും നമുക്കു കൂടെ കൊണ്ടുപോകാനാകില്ലല്ലോ. മക്കളേയും കുടുംബത്തേയും, അത്യാവശ്യത്തിന് വസ്തുവകകളേയും മാത്രം കൂടെകൂട്ടിയ നമ്മുടെ പൂർവ്വപിതാക്കൾ അവരുടെ ഹൃദയത്തോടു പതിപ്പിച്ചാണ് ഈ പുരോഹിതരെ കൊണ്ടുവന്നത്. ക്രൈസ്തവർ എന്ന നിലയ്ക്കുള്ള അവരുടെ വിശ്വാസ തീക്ഷ്ണതയാണ് ഇവിടെ നമ്മൾ അനുഭവിക്കേണ്ടതും തിരിച്ചറിയേണ്ടതും.

"പള്ളികൾ വേണ്ട, വൈദികർ വേണ്ടേ വേണ്ട, മെത്രാന്മാർ ഈ വഴിക്കു വരേണ്ട" എന്ന് അലമുറയിടുന്നവർ ഒന്നോർക്കണം: ഇക്കണ്ട പള്ളികളും സ്കൂളുകളും നമ്മുടെ കാരണവന്മാർ ഉണ്ടാക്കാതിരുന്നെങ്കിൽ ഈ സമുദായം ഇത്രയും നിലനില്ക്കുമായിരുന്നില്ല.

പള്ളികൾ വേണ്ടെന്നു പറയുന്നവരും, മെത്രാന്മാരെയും വൈദികരെയും പുലഭ്യം പറയുന്നവരും ഓർക്കുക, അവർ ഇന്നത്തെ നിലയിൽ വളർന്നത് പള്ളിയും വൈദികരും ദീർഘദർശികളായ അല്മായരും തോളോടു തോളുരുമ്മി കെട്ടിയുയർത്തിയ നാട്ടിലെ പള്ളികളും പള്ളിക്കൂടങ്ങളും വഴിയാണ്. ഈ സ്ഥാപനങ്ങളും സംവിധാനങ്ങളുമാണ് "ക്നാനായിസം" വളർത്താനും പ്രചരിപ്പിക്കുവാനും, പിന്നീടതിനെ ശിരസ്സിലേറ്റി നൃത്തം വയ്ക്കാനും ഈ തലമുറയെ പരിശീലിപ്പിച്ചത്. ഒരിക്കൽ അപമാനത്തിന്റെ പര്യായമായിരുന്ന "ചാരം കെട്ടി" പിന്നീട് അഭിമാനത്തിന്റെ ദീപസ്തംഭമായി. യുവജനങ്ങൾക്കിടിയിൽ സമുദായ ബോധവല്ക്കരണത്തിന്റെ തിരി കത്തിച്ചതും അത് ആളിപടർത്തിയതും അഭിവന്ദ്യ മാർ കുര്യാക്കോസ് കുന്നശ്ശേരി പിതാവും കെ.സി.വൈ.എൽ.ലൂടെ ജസ്റ്റീസ് സിറിയക്ക് ജോസഫും ഷെവലിയർ പി. എം. ജോൺ പുല്ലാപ്പള്ളിയും പോലുള്ള സമുദായ സ്നേഹികളാണ്. അവരോടൊപ്പം വൈദികരുടെ പങ്കും നിർണ്ണായകമാണ്.

സമുദായ ബോധവല്ക്കരണത്തിലൂടെ ക്നാനായിസം വളർത്തുകയും ക്നാനായ സമുദായത്തിന്റെ ഉയർച്ചയ്ക്കുവേണ്ടി പ്രയത്നിക്കുകയുമാണ് അത്മായ സംഘടനകളുടെ കടമ; അല്ലാതെ പള്ളിക്കെ

*(Continued on page 5)*

*(Continued from page 4)*
തിരെ യുദ്ധം ചെയ്യുകയല്ല. കാരണം, ഇവ രണ്ടും രണ്ടു തലങ്ങളിലാണ പ്രവർത്തിക്കേണ്ടത്.

ക്നാനായിസത്തിന്റെ അടിത്തറ പാരമ്പര്യങ്ങളുടെ മുകളിൽ ഊതിവീർപ്പിച്ച വച്ചിരിക്കുന്ന വികാരമാണ്. മട്ടപ്പ് തോന്നുമ്പോൾ വികാരങ്ങൾ ശമിക്കും. എന്നാൽ, പള്ളിയുടെ അടിസ്ഥാനം വിശ്വാസമാണ്. ക്രിസ്തുവിലുള്ള വിശ്വാസവും അതു വഴിയുള്ള മോക്ഷപ്രാപ്തിയുമാണ് ലക്ഷ്യം. അതുകൊണ്ടുതന്നെ രണ്ടിനും രണ്ടു വഴികളാണ്.

സംഘടനകളുടെ പ്രവർത്തന ശൈലി കാലാകാലങ്ങളിലുള്ള നേതൃത്വത്തിന്റെ കഴിവും കാഴ്ചപ്പാടും അനുസരിച്ച് അടിമുതൽ മുടിവരെ മാറും. പക്ഷേ, സഭാ സംവിധാനം അങ്ങനെയല്ല. അത് ക്രിസ്തുവിൽ അധിഷ്ഠിതവും അനശ്വരവുമാണ്.

**പള്ളിയും വൈദികരും വേണ്ടെന്ന് അലമുറയിടുന്നവരോട് ചില ചോദ്യങ്ങൾ:**

(1) പാരമ്പര്യത്തെ മുറുകെപിടിച്ചാണ് വാദം ഉന്നയിക്കുന്നതെങ്കിൽ 'സീറോമലബാർ' റീത്താണ് നമ്മുടെ പാരമ്പര്യം - ലാറ്റിൻ റീത്തല്ല. പാരമ്പര്യങ്ങൾക്കാണ് മുൻതൂക്കമെങ്കിൽ എന്തുകൊണ്ടാണ് സീറോമലബാർ റീത്ത് വേണ്ടെന്നും ലാറ്റിൻ കുർബാന മതിയെന്നും നിങ്ങൾ വാദിക്കുന്നത്?

ഉത്തരം ഇതാകാം: വർഷങ്ങളായി ഞങ്ങളും കുട്ടികളും ലാറ്റിൻ കുർബാനയാണ് ശീലിച്ചിരിക്കുന്നത്. അതുകൊണ്ട് അതു മതി. ചെല്ലുന്നിടത്തെ ചേലുള്ള അച്ചിയെ സംബന്ധം ചെയ്യുകയല്ല ക്നാനായ പാരമ്പര്യം. ക്നാനായക്കാരനല്ലേ? ഈ പാട്ട് ഒന്നുകൂട് മൂളിനോക്കൂ; എന്നിട്ട് ഇതു പ്രാവർത്തികമാക്കുവാൻ ശ്രമിക്കൂ!

"മക്കളെ കാണുമോ ഹിന്ദുവിൽ പോയാലും
ബന്ധങ്ങൾ വേർപിടാതോർക്കണം മെപ്പോഴും.
പത്തുമൊരേഴുമങ്ങെപ്പോഴും ചിന്തിപ്പിൻ."

പാരമ്പര്യങ്ങളിൽ ചിലതൊക്കെ വേണമെന്നും മറ്റു ചിലത് വേണ്ടെന്നും പറയുന്നത് തോന്ന്യവാസമാണ്. "ലാറ്റിൻ കുർബാനയിൽ പങ്കെടുത്താൽ എന്താണ കുഴപ്പം?" എന്നാണ് മറുചോദ്യം. ആദ്യ ഉത്തരം അത് പാരമ്പര്യത്തിന് എതിരാണെന്നതാണ്. രണ്ടാമത്തേത്, സഭാനിയമപ്രകാരം നാം പാലിക്കേണ്ടത് നമ്മുടെ സ്വന്തമായ സീറോമലബാർ ആരാധനാക്രമമാണ്. പൗരസ്ത്യ സഭകളിൽ അംഗങ്ങളായിരിക്കുന്നവർ തങ്ങളുടെ റീത്തു പാലിക്കുവാൻ കടപ്പെട്ടവരാണെന്ന് സഭ അനുശാസിക്കുന്നു. അതുകൊണ്ടു തന്നെ കത്തോലിക്കാ സഭയിൽ അംഗങ്ങളായിരിക്കുന്നിടത്തോളം അതു പാലിക്കുവാൻ നമുക്ക് ബാദ്ധ്യതയുണ്ട്.

(2) ആരാണ് എൻഡോഗമി പാലിക്കുവാൻ കടപ്പെട്ടവർ? സ്വവംശ വിവാഹം പോലുള്ള അനുഷ്ഠാനങ്ങൾ സമുദായത്തിൽ പ്രാവർത്തികമാക്കിവരുന്നതിന്റെ ഉത്തരവാദിത്വം അവിവാഹിതരായ, മക്കളില്ലാത്ത മെത്രാന്മാരുടെയോ വൈദികരുടെയോ ചുമതലയല്ല. തെറ്റിദ്ധരിക്കണ്ട: ആരും യുദ്ധം ചെയ്തത് നിലനിർത്തിയതോ നിലനിർത്തുന്നതോ അല്ല ഈ പാരമ്പര്യം. തങ്ങൾ യുദ്ധം ചെയ്യുന്നതുകൊണ്ടാണ് ഇത് നിലനില്ക്കുന്നതെന്ന് ചിന്തിക്കുന്നത് "കുളത്തിലെ തവള" വീക്ഷണമാണ്.

വിവാഹിതരായി കുടുംബ ജീവിതം നയിക്കുന്ന ഓരോ ക്നാനായ കുടുംബങ്ങളുമാണ് ഇതു പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നത്. "എന്നുവരെ ഇതു നിലനില്ക്കും?" എന്ന ചോദ്യത്തിന്റെ ഉത്തരം ഇതാണ്: പാരമ്പര്യത്തിൽ അഭിമാനമുള്ള ക്നാനായക്കാർ എത്രകാലം തങ്ങളുടെ മക്കളെ ഈ ബോദ്ധ്യത്തിൽ വളർത്തുന്നുവോ അത്രകാലം.

സാമുദായിക നിലനില്പ് നേടിയെടുക്കേണ്ടത് പുരോഹിതരെ ചീത്തവിളിച്ചോ, ഈ-മെയിലിലൂടെ തെറ്റിദ്ധരിപ്പിച്ചോ, പള്ളികൾ സ്ഥാപിക്കാതിരുന്നോ അല്ല. സമുദായത്തിലെ ആഭ്യന്തര കലഹങ്ങളും ആശയ സംഘട്ടനങ്ങളും മഹാഭൂരിപക്ഷം വരുന്ന അംഗങ്ങളെ സമുദായത്തിൽനിന്നുതന്നെ അകറ്റും. പിന്നെ, ഭൂരിപക്ഷം സമുദായത്തെ വെറുക്കും. അവശേഷിക്കുന്ന ന്യൂനപക്ഷം എന്നും പടർപ്പിൽ തല്ലിക്കൊണ്ടിരിക്കും! നിഷ്ഫലം.

ഇനി ഇത്തരം നേതൃത്വത്തോട് ഒരു ചോദ്യം: ഇതര ക്രൈസ്തവ സമൂഹങ്ങളിൽനിന്നും വിവാഹിതരാകുന്ന ക്നാനായക്കാരെ ഉപദേശിച്ചും ക്നാനായ പള്ളിയിൽനിന്നും അംഗത്വം ഒഴിവാക്കുവാൻ പ്രോത്സാഹിപ്പിച്ചും ക്നാനായ പള്ളിയിൽവച്ചു വിവാഹം നടത്താതിരുന്നും ഇത്തരം കല്ല്യാണങ്ങളെ നിരുത്സാഹപ്പെടുത്തുവാൻ അന്നും ഇന്നും മെത്രാന്മാരും വൈദികരും തയ്യാറായിരുന്നില്ലെങ്കിൽ ഈ സമുദായം ഇന്നു നിലനില്ക്കുമായിരുന്നോ? പള്ളി കേന്ദ്രീകൃതമായല്ലെ സമുദായ ബോധവല്ക്കരണം നടത്തിപോന്നിരുന്നത്. അങ്ങനെ വരുമ്പോൾ ആരാണ് സാമുദായിക വിവാഹത്തെ പ്രോത്സാഹിപ്പിച്ചത്?

തീർന്നില്ല; ഒരു ചോദ്യംകൂടി. സമുദായം മാറി വിവാഹിതരാകുന്ന കുടുംബാംഗങ്ങളുടെയോ സുഹൃത്തുക്കളുടെയോ വിവാഹത്തിൽ നിങ്ങൾ പങ്കെടുക്കാതിരുന്നോ? അതും പോരാഞ്ഞ്, അത്തരം കല്ല്യാണങ്ങളിൽ ചന്തം ചാർത്തിയും, മൈലാഞ്ചി ഇടീച്ചും, നടവിളിച്ചും, വഴിപ്പുകയില കൊടുത്തും, സ്വന്തം സമുദായത്തെ നിങ്ങൾ എത്രയോ പ്രാവശ്യം ഒറ്റിക്കൊടുത്തു! എൻഡോഗമി വാദികളായ എത്രപേർക്ക് നെഞ്ചിൽ കൈവച്ചു പറയാൻകഴിയും താൻ ഇതൊന്നും ചെയ്തിട്ടില്ലെന്ന്?

ഇതേസമയം മറ്റൊരു വിഭാഗം ക്നാനായക്കാർ മാറികെട്ടുന്നവർക്ക് കുറികൊടുക്കാത്തതിനും ഇടവക പള്ളിയിൽ വെച്ച് കല്ല്യാണം നടത്താത്തതിനും വൈദികരെയും മെത്രാന്മാരെയും, കത്തോലിക്കാ വിശ്വാസവും നിയമങ്ങളും ഉദ്ധരിച്ച് പുലഭ്യം പറയുന്നെന്നും നാം ഓർക്കണം! ചെകുത്താനും കടലിനുമിടയിൽ നില്ക്കുന്ന ഈ പാവം പുരോഹിതർ എന്തു ചെയ്യണം! ഇടവക പള്ളിയിൽ വിവാഹം നടത്തി, ക്നാനായിസം ഇല്ലാതാക്കി, ക്നാനായ പാരമ്പര്യവാദികളുടെ വിരോധികളാകണമോ? അതോ, ഇടവക പള്ളിയിൽ കല്ല്യാണം നടത്താതെ, ക്നാനായ പാരമ്പര്യങ്ങൾ പിടിച്ചു നിർത്താൻ മാറികെട്ടിയവരുടെ ശത്രുക്കളാകണമോ? എന്തായാലും ശത്രുതയും തെറിയഭിഷേകവും ഉറപ്പ്! ഇതാണ് അമേരിക്കയിലെ ക്നാനായ വൈദികരുടെ ദുരവസ്ഥ!

**എന്താണ് പോംവഴി?** ക്നാനായ സംഘടനയും ക്നാനായ പള്ളിയും രണ്ടാണെന്ന് തിരിച്ചറിയുക. ക്നാനായ ആചാരങ്ങളും ക്നാനായിസവും വളർത്തുകയാകണം അസ്സോസിയേഷനുകളുടെ കർമ്മ പദ്ധതി. അതിന് പള്ളിയോടു സഹകരിച്ച് പള്ളിവക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തണം. വിശ്വാസ പരിശീലനം നല്കി, സ്വർഗോന്മുഖമായി സമുദായാംഗങ്ങളെ വിശിഷ്യാ വരും തലമുറയെ നയിക്കുവാൻ വൈദികരേയും മെത്രാന്മാരെയും

*(Continued on page 6)*

# സഹനം സ്നേഹമാക്കിയ വി. അൽഫോൻസാമ്മ



*ജോജോ പരുമനത്തേട്ട്*

കോരിത്തരിപ്പിക്കുന്ന ജീവിത കഥകളില്ലാതെ, നിറപ്പകിട്ടാർന്ന സംഭവ പരമ്പരയില്ലാതെ, കൊട്ടിഘോഷിക്കുന്ന ഭൗതിക നേട്ടങ്ങളില്ലാതെ, വിശ്വവന്ദ്യയായി മാറിയ കേരള പുത്രിയാണ് നമ്മുടെ വിശുദ്ധ അൽഫോൻസാമ്മ. വ്രതബന്ധമായ സന്യാസജീവിതത്തെ അതിന്റെ സംശുദ്ധിയിലും സമ്പൂർണ്ണ സമർപ്പണത്തിലും യാഥാർത്ഥ്യമാക്കിയ മാതൃകാ യോഗിനിയാണ് നമ്മുടെ അൽഫോൻസാമ്മ. ഹൃദയം നിറയെ സ്നേഹവും, ശരീരം നിറയെ വേദനയും, ആത്മാവു നിറയെ പ്രസന്നതയുമായി ജീവിതത്തെ വിശുദ്ധിയുള്ളതാക്കിയ ധീര കന്യക. സഹനത്തിന്റെ ശരശയ്യയിൽ എരിഞ്ഞടങ്ങിയ ഒരു പാവം ക്ലാരകന്യകയുടെ ജീവിതം വിശുദ്ധിയുടെ പരിപൂർണ്ണതയിൽ എത്തിനില്ക്കുന്നുവെന്ന തിരിച്ചറിവിൽ ലോകം മുഴുവനും ആനന്ദിക്കുന്നു.

ഹ്രസ്വമായിരുന്നു അൽഫോൻസാമ്മയുടെ സന്യാസജീവിതം. കൂടാതെ, ആരംഭം മുതൽ വേദനകൾ നിറഞ്ഞതും. ധീരമായ ആ ആത്മസമർപ്പണത്തിന് അൽഫോൻസാമ്മയെ സജ്ജമാക്കിയത് സുവിശേഷത്തിലെ അർത്ഥസമ്പുഷ്ടമായ ചില തിരുവചനങ്ങളായിരുന്നു. "ഗോതമ്പുമണി ഉതിർന്ന് വീണ് അഴുകി ദ്രവിക്കുന്നില്ലെങ്കിൽ, അത് നിഷ്ഫലമായി അങ്ങനെ തന്നെ നില്ക്കുകയേ ഉള്ളൂ. നേരേമറിച്ച്, അത് ഉതിർന്ന് വീണ് അഴുകി നശിച്ചാൽ അത് പുതിയ നാമ്പുകളും കതിർമണികളും പുതിയജീവനും ജനിപ്പിക്കും" എന്ന ദിവ്യനാഥന്റെ വചനങ്ങളെ അൽഫോൻസാമ്മ വ്യക്തമായി മനസ്സിലാക്കുകയും അക്ഷരാർത്ഥത്തിൽ പാലിക്കുവാൻ ഒരുങ്ങുകയും ചെയ്തിരുന്നു. സ്വയം പരിത്യജിച്ച്, സ്വന്തം കുരിശും എടുത്തുകൊണ്ട് ക്രൂശിതനായ ഈശോയെ പിൻ തുടരാത്തവർക്ക് നിത്യസമ്മാനത്തിനും നിത്യജീവനും അവകാശമില്ലായെന്ന് മറ്റെല്ലാവരെയുംകാൾ തീക്ഷ്ണതയോടും ആത്മാർത്ഥതയോടും കൂടി വിശുദ്ധ അൽഫോൻസാമ്മ വിശ്വസിച്ചു. അൽഫോൻസാമ്മയുടെ ജീവിതം നിലയ്ക്കാത്ത സഹനത്തിന്റെ ജീവിതമായിരുന്നു. നിരവധി രോഗങ്ങൾ മൂലമുണ്ടായ സഹനമായിരുന്നു പ്രധാനം.

വിശുദ്ധീകരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗ്ഗമായാണ് അൽഫോൻസാമ്മ സഹനത്തെ കണ്ടത്. കൂടുതൽ സഹനത്തിനുവേണ്ടി രഹസ്യമായി അവൾ പ്രാർത്ഥിക്കുമായിരുന്നു. അൽഫോൻസാമ്മയുടെ ജീവിതം നല്കുന്ന ഏറ്റവും വിശിഷ്ടമായ പാഠം ഇതാണ്. വിശ്വാസത്തോടും സഹനത്തോടും കൂടി സ്വീകരിക്കുന്ന സഹനമാണ് വിശുദ്ധീകരണത്തിനുള്ള ഏറ്റവും വലിയ മാർഗ്ഗം. അൽഫോൻസാമ്മയുടെ ശക്തി സ്നേഹമായിരുന്നു. അവളുടെ ജീവിതത്തെ മധുരവും സൗമ്യവും ദീപ്തിയുമാക്കിയത് ഈ സ്നേഹമായിരുന്നു. ഒരു കുഞ്ഞ് അമ്മയെ എന്നതുപോലെ അൽഫോൻസാമ്മ ദൈവത്തെ സ്നേഹിച്ചു. സഹനം സ്നേഹത്തിന്റെ അടയാളമാണ്. അൽഫോൻസാമ്മ സഹനത്തിലൂടെ ദൈവത്തോടുള്ള തന്റെ അളവറ്റ സ്നേഹം നമുക്ക് കാണിച്ചുതന്നു.



SISTER SAINT ALPHONSA

ലോകത്തെ രക്ഷിക്കുവാൻ ഈശോ സ്വയം സ്വീകരിച്ച മാർഗം സഹനമായിരുന്നല്ലോ. ക്രൂശിലേറ്റിയവരോട് നിരുപാധികം ക്ഷമിച്ച് മരക്കുരിശിൽ മൂന്നാണികളിൽ കിടന്ന് പിടഞ്ഞു മരിച്ചുകൊണ്ട്, മൂന്നാംദിവസം വിജയശ്രീലാളിതനായി ഉയർത്തെഴുന്നേറ്റ മനുഷ്യപുത്രൻ മഹത്വത്തിലേയ്ക്കും രക്ഷയിലേയ്ക്കുമുള്ള മാർഗ്ഗം സഹനമാണെന്ന് ലോകത്തോട് പ്രഖ്യാപിക്കുകയായിരുന്നു. ശാസ്ത്ര സാങ്കേതിക തലങ്ങളിൽ മഹാവിസ്മയങ്ങൾ സൃഷ്ടിക്കുന്ന ബുദ്ധിരാക്ഷസന്മാർക്ക് ഇനിയും പിടികിട്ടാത്ത ഈ വലിയ രഹസ്യത്തിന്റെ മുമ്പിൽ പതറാതെ നിലകൊണ്ട് അത്ഭുതങ്ങൾ രചിച്ചവളാണ് നമ്മുടെ സ്വന്തം അൽഫോൻസാമ്മ. ഭാരതത്തിന്റെ മണ്ണിൽ ആദ്ധ്യാത്മികതയുടെ പുളകമുണർത്തിയ, കേരളത്തിലെ ക്രൈസ്തവ പാരമ്പര്യത്തിന് വിശുദ്ധിയുടെ ദീപശിഖ ഉയർത്തിയ വി. അൽഫോൻസാ നമുക്ക് അമ്മയാണ്. ഈ അമ്മയുടെ സ്നേഹജീവിതവും മാതൃകയും നമുക്കും നമ്മുടെ മക്കൾക്കും ഇനി വരുവാനിരിക്കുന്ന തലമുറകൾക്കും ഉത്തേജനവും ശക്തിയുമാകട്ടെ. വി. അൽഫോൻസാമ്മയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥം നമുക്കെന്നും നന്മവരുത്തുവാനായി ഒത്തുചേർന്ന് പ്രാർത്ഥിക്കാം.

*(Continued from page 5)*

അനുവദിക്കുക. അല്മായ നേതൃത്വത്തെ നേരാംവണ്ണം പരിശീലിപ്പിച്ചും പരിപോഷിപ്പിച്ചും ശരിയായ ക്നാനായ മൂല്യങ്ങൾ അഭംഗുരം നിലനിർത്തുവാൻ പ്രയത്നിക്കുക. സഭയും സാമുദായിക സംഘടനകളും പരസ്പരം സഹകരിച്ചു പോകുമ്പോൾ ക്നാനായ സമുദായം വളരും.

**ചോദ്യം വീണ്ടും:** ആരാണ് ചെന്നായ്ക്കൾ? ക്നാനായക്കാരായ വായനക്കാരാ, ആരുടെയെങ്കിലും മുഖം നിങ്ങളുടെ മനസ്സിൽ തെളിയുന്നുണ്ടോ? വ്യക്തിയുടെയോ, പ്രസ്ഥാനങ്ങളുടെയോ? ഉണ്ടെങ്കിൽ തീർച്ചായായി; ചെന്നായ് വരുന്നു! ഉത്തിഷ്ഠിത! ജാഗ്രത!

## For Favors Received



- Siju George Cherumanath

## For Favors Received



- Siju George Cherumanath

## READINGS & READERS കൈത്താക്കാലം (First Sunday of Kaitha)

| JULY 31 | READINGS | SACRED HEART 10:00 A.M. | ST. MARY'S 10:00 A.M. |
|---|---|---|---|
| 1ST | Act. 5:12-32 | Marcy Sabu Elavumkal | Ryan Kattapuram |
| 2ND | 1 Cor. 1:9-16 | Dennis Changumoolayil | Lissy Thottappuram |
| GOSPEL | Luke 14:1-14 | Jesus' disciples are humble and sincere. | |

## READINGS & READERS Feast of St. Mary's Church, Morton Grove

| READINGS | AUGUST 5 | S. M. 6:30 A.M. | AUGUST 6 | ST. MARY'S 10:00 A.M. FEAST |
|---|---|---|---|---|
| 1ST | Act. 1:12-14 | Shiney Viruthikulangara | Gen. 3:1-19 | Cimi Kizhakkekuttu |
| 2ND | Rom. 16:1-16 | Thomas Appozhiparambil | Rom. 8:26-30 | Biju Thuruthiyil |
| GOSPEL | Luke 1:39-45 | Mary Visit's Elizabeth | Luke 1:46-56 | Mary's Song of Praise |

## READINGS & READERS കൈത്താക്കാലം (Second Sunday of Kaitha) / Feast of St. Mary's

| AUGUST 7 | READINGS | S. H. 10:00 A.M. | READINGS | ST. MARY'S 10:00 A.M. FEAST |
|---|---|---|---|---|
| 1ST | Is. 3:16-4:6 | Siji Panayaparambil | Ex. 15:11-18 | Tomsy Kaithakkathottiyil |
| 2ND | 2 Cor. 3:4-18 | Steven Idiyalil | Act. 1:1-8 | Jojo Analil |
| GOSPEL | Lk. 15:11-32 | Prodigal Son | John 2:1-12 | Miracle during the wedding at Cana |

ARCHEPARCHY O F KOTTAYAM

## CENTENARY CELEBRATION PROGRAMS

IN AUGUST, 2011

16th Tuesday: Caritas Nursing Students' Alumni Association at Caritas Campus, Thellakom.

21st Sunday: at 9:00 A.M. KSSS Samaritan Resource Centre Inauguration & Samaritan Samgamam at Cherpunkal.

21st Sunday: Missionary Day at Kaduthuruthy.

23rd Tuesday: 6:00 P.M. Knanaya Fest & Banquet at Chaithanya Pastoral Centre, Thellakom.

26th Friday: Pravasi Day.

28th Sunday: Rally and Public Meeting at Kottayam

29th Monday: Thanksgiving Holy Mass at Cathedral, Kottayam

30th Tuesday: Concluding Meeting at B.C.M. College Auditorium, Kottayam.

| OFFERINGS | July 24 |
|---|---|
| **ST. MARY'S, MORTON GROVE** | |
| St. Jude Novena | 93.00 |
| Sunday Offerings 10:00 A.M. | 841.00 |
| Evening Mass at 5:30 P.M. | 248.00 |
| Facility Usage: Hall | 1,150.00 |
| Building Fund | 1,000.00 |
| Fund Raising | 1,000.00 |
| Sponsors: Front Elevation | 6,100.00 |
| **TOTAL ST. MARY'S** | **10,432.00** |
| **SACRED HEART, MAYWOOD** | |
| Sunday 10:00 A.M. Mass | 747.00 |
| Guadalupe Shrine | 169.00 |
| Facility Usage | 1,000.00 |
| Bulletin Advertisement | 200.00 |
| St. James Feast Nercha | 121.00 |
| **TOTAL MAYWOOD** | **2,237.00** |
| **AGAPE MOVEMENT** | |
| St. Mary's Store | 31.00 |
| Sacred Heart Store | 50.00 |
| Bulletin Donation | 150.00 |
| Donation Box | 25.00 |
| **TOTAL AGAPE** | **256.00** |

## SUMMER CAMP AT ST. MARY'S

For junior alter servers and choir members from Thursday - Saturday, August 11, 12, & 13 from 10:00 A.M. 4:00 P.M. to develop the faith and improve religious devotion. For Registration, please contact Saji Poothruckayil, Jose Ikaraparambil, or Anil Mattathikunnel




